"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തത് - എൽ.എ.ആർ. 229/12 - ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നത് - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| സ.ഉ.(സാധാ) നം.1932/2024/LSGD | തീയതി, തിരുവനന്തപുരം, 15-10-2024 |

പരാമർശം:-

1. ബഹു. തിരുവനന്തപുരം അഡീഷണൽ സബ് കോടതി II -ന്റെ എൽ.എ.ആർ. 229/2012 നമ്പർ കേസിന്മേലുള്ള 07/12/2015 തീയതിയിലെ വിധിന്യായം.
2. സ.ഉ.(സാധാ) നം. 32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05/06/2024 തീയതിയിലെ കെ1-224213/19 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 07/06/2024 തീയതിയിലെ എ3/3832/2012/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം II-അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 229/12 നമ്പർ കേസിന്മേലുള്ള പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള ബാലൻസ് വിധിക്കടത്തുകയായ 7,17,164/- രൂപ (ഏഴ് ലക്ഷത്തി പതിനേഴായിരത്തി ഒരുന്നൂറ്റി അറുപത്തിനാല് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ഉത്തമചന്ദ്രന് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. കേസിലെ ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് ആവശ്യമായ കണക്കുവിവരപ്പട്ടിക പരാമർശം (3) പ്രകാരം ജില്ലാ കളക്ടർ തിരുവനന്തപുരം ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നമ്പർ 199/4-1 (L.A. Sy.No. 15/131)-ൽപ്പെട്ടതും ശ്രീ. ഉത്തമചന്ദ്രന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.07 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 229/12 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 7,17,164/- രൂപ

(ഏഴ് ലക്ഷത്തി പതിനേഴായിരത്തി ഒരുന്നൂറ്റി അറുപത്തിനാല് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ഉത്തമചന്ദ്രന് (S/o സുബ്രഹ്മണ്യൻ, റ്റി.സി.2/1000, പത്മവിലാസം, പുതുപ്പള്ളി ലെയിൻ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം) '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ഉത്തമചന്ദ്രൻ (S/o സുബ്രഹ്മണ്യൻ, റ്റി.സി.2/1000, പത്മവിലാസം, പുതുപ്പള്ളി ലെയിൻ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/336/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 15-10-2024 16:25:17
സെക്ഷൻ ഓഫീസർ